Malappuram District Police

# 07.07.2017 നിലമ്പൂർ

മമ്പാട് അക്ഷയ സെന്ററില് പാസ്പോർട്ട് അപേക്ഷ നൽകുന്നതിനും ആധാറിൽ വന്ന തെറ്റ് തിരുത്തുന്നതിനും വേണ്ടി ഉച്ചക്ക് 2 മണിയോടെ ചെന്ന യുവതിയെ വൈകീട്ട് 5 മണിക്ക് ആളുകള് ഒഴിയുന്നതുവരെ കാത്തു നിർത്തുകയും പിന്നീട് അകത്തേക്കു വിളിച്ച് അകത്തു കടന്നപ്പോൾ കയറിപ്പിടിച്ച് മാനഭംഗപ്പെടുത്താന് ശ്രമിക്കുകയും ചെയ്ത സംഭവത്തിൽ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. പിന്നീട് ഈ കാര്യം ഉന്നയിച്ച് ആളുകൾ അക്ഷയയില് കയറി ഉപദ്രവിച്ചു എന്ന് പറഞ്ഞ് പ്രതിയുടെ സഹോദരങ്ങളായ മുഹമ്മദ് ബഷീർ, റിയാസ് ബാബു എന്നിവർ വെട്ടുകത്തിയും പട്ടികയുമായി പരാതിക്കാരിയുടെ തറവാട്ടുവീട്ടിൽച്ചെന്ന് കുട്ടികളടക്കമുള്ളവരുടെ മുന്നില് വെച്ച് ബന്ധുക്കളായ സ്ത്രീകളെ വെട്ടിപ്പരിക്കേൽപിക്കുകയും ഭീതി പരത്തുകയും ചെയ്തു. കേസിലെ പ്രതി മുഹമ്മദ് ബഷീർ എന്നയാളെ അറസ്റ്റു ചെയ്തു. ദൂരെ നിന്ന് പോലീസ് ജീപ്പ് കണ്ട് ഓടിയ പ്രതിയെ പോലീസ് പിന്തുടർന്ന് പിടികൂടുകയായിരുന്നു. പ്രതികൾ കുറ്റകൃത്യത്തിന് ഉപയോഗിച്ച വാഹനം കസ്റ്റഡിയിൽ എടുത്തു. ഈ കേസില് ഇനി പിടികൂടാനുള്ള റിയാസ് ബാബു എന്നയാൾ പ്രതികളുടെ അനിയനും നിരവധി കുറ്റകൃത്യങ്ങളിലെ പ്രതിയുമാണ്. കാട്ടിൽ നിന്ന് തടി മോഷണം, മണൽക്കടത്ത് എന്നിങ്ങനെ നിരവധി കേസുകളില് ഉൾപ്പെട്ട ടിയാൻ പോലീസുദ്യോഗസ്ഥരെ ആക്രമിച്ചതിന് 5 വർഷം തടവിന് ശിക്ഷിക്കപ്പെട്ട് ഇപ്പോള് അപ്പീല് ജാമ്യത്തില് കഴിയുകയാണ്. ഇയാൾ ഇപ്പോള് ഒളിവിലാണ്. നിലമ്പൂർ എസ്ഐ മനോജ് പറയറ്റ, എസ്ഐ അബൂബക്കർ, എഎസ്ഐ കമറുസ്സമാൻ, ഡബ്ല്യൂഎസ്സിപിഒ ഉമ്മുല് സമീമ, സിപിഒ-മാരായ സുജിത്, മോൻസിനാഥ്, ദാനിയേൽ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.